ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല. ഓരോ വ്യവസായത്തിനോടും പ്രവർത്തനത്തെ സംബന്ധിച്ച് ഓരോന്നാണിരിക്കും കാരണം. അതൊക്കെ പരിശോധിച്ച് കാര്യങ്ങളൊക്കെ പരിഗണിക്കുവെന്നതാണ്.

ഗവണ്മെൻറ്പ്രസ്സ് മാറ്റിസ്ഥാപിക്കുവാൻ നിർദ്ദേശം

* 156. [580] ശ്രീ. എൻ. ഗമാലിയേൽ : താഴെ കാണുന്ന പ്രോദ്യങ്ങൾക്ക് ദയവായി മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ഗവണ്മെൻറ്പ്രസ്സ് മാറ്റിസ്ഥാപിക്കുവാനുള്ള നിർദ്ദേശം ഗവണ്മെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) അത് മാറ്റി സ്ഥാപിക്കുന്നതിനു് മണ്ണന്തല ജംഗ്ഷനടുത്ത് നാല്പത്തു് ഏക്കർ സ്ഥലം റവന്യൂ അധികൃതരും ബന്ധപ്പെട്ട ഇഞ്ചിനീയർമാരുംകൂടി പരിശോധിച്ചശേഷം ആ സ്ഥലം പ്രസ്സ് സ്ഥാപിക്കുന്നതിനു് ഉത്തമമാണെന്നു് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്തുതന്നെ പ്രസ്സ് മാറ്റി സ്ഥാപിക്കണമെന്നു് എതാനും പഞ്ചായത്തു പ്രസിഡൻറുമാരും എം. എൽ. എ. മാരുംകൂടി ഗവണ്മെൻറിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ മാറ്റക്കാര്യത്തിൽ ഗവണ്മെൻറ് എന്തു തീരുമാനം എടുത്തു?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

(ഡി) ഉള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 206-ൽ ഇരുപത്തിരണ്ടു് ഏക്കർ സ്ഥലം തിരുവനന്തപുരം ഗവണ്മെൻറ്പ്രസ്സ് മാറ്റി സ്ഥാപിക്കുന്നതിലേക്കായി അക്വയർ ചെയ്യുന്നതിനു് ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : ഈ കൊല്ലത്തെ ബഡ്ജറ്റിൽ കെട്ടിടംപണി തുടങ്ങുന്നതിനുള്ള തുക വകകൊള്ളിച്ചിട്ടുള്ളതുകൊണ്ടു് ഏറ്റവും വേഗം അക്വിസിഷൻ നടപടി പൂർത്തിയാക്കുവാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : അതാണു് ഉത്തരത്തിൽ പറഞ്ഞതു് ഉള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 206-ൽ ഇരുപത്തിരണ്ടു് ഏക്കർ സ്ഥലം തിരുവനന്തപുരം ഗവണ്മെൻറ്പ്രസ്സ് മാറ്റിസ്ഥാപിക്കുന്നതിലേക്കായി അക്വയർ ചെയ്യുന്നതിനുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നു്.

ശ്രീ. ബി. മാധവൻനായർ : മണ്ണന്തല ജംഗ്ഷനിൽ നാല്പത്തു ഏക്കർ സ്ഥലം ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് ഉദ്യോഗസ്ഥന്മാർ പരിശോധിച്ചു് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. അതുതന്നെയാണോ മേൽപറഞ്ഞതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഉള്ളൂർ സർവ്വേ 206-ൽ 25 ഏക്കർ സ്ഥലമാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതു മണ്ണന്തലയിലുള്ള സ്ഥലമായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly